ത്രി: സപ്തഭി: പിതാ പൂത: പിതൃഭി: സഹ തേ*f*നഘ
യത് സാധോ*f*സ്യഗൃഹേ ജാതോഭവാൻ വൈ കുലപാവന: **(7–10–18)**
യത്രയത്ര ച മദ് ഭക്താ: പ്രശാന്താ: സമദർശിന:
സാധവ: സമുദാചാരാസ്തേ പൂയന്ത്യപി കീകടാ: **(7–10–19)**

*നാരദമുനി തുടർന്നു:*
വിവേകിയായ പ്രഹ്ലാദൻ പ്രാർത്ഥിച്ചു: "എൻെറ ഹൃദയം മൂന്നുലോകങ്ങളിലുമുള്ള യാതൊന്നിനേയും കാംക്ഷിക്കുന്നില്ല. എന്തെങ്കിലും അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുന്നവർ അവിടുത്തെ ഭക്തനല്ല, മറിച്ച് വെറുമൊരു വ്യാപാരി മാത്രമാണ്. എനിക്ക് എന്തെങ്കിലും വരമേകണം എന്നുണ്ടെങ്കിൽ, എൻെറ മനസ്സിൽ ആഗ്രഹങ്ങളൊന്നും ഉദിക്കാതിരിക്കാനിടയാക്കിയാലും. ആഗ്രഹങ്ങളാണ് മനസ്സിലെ നന്മയെ മറച്ചു വെക്കുന്നത്. എന്നാൽ ആഗ്രഹങ്ങളില്ലാത്ത മനസ്സ്, മോക്ഷത്തിലേക്കുള്ള നാന്നിയാണ്. ഞാൻ ഭഗവാനെ വീണ്ടും വീണ്ടും പ്രണമിക്കുന്നു." പ്രഹ്ലാദനിൽ അതീവപ്രസാദത്തോടെ ഭഗവാൻ അദ്ദേഹത്തെ അനുഗ്രഹിച്ചു. പ്രഹ്ലാദൻ ഏറെക്കാലം ലോകം ഭരിക്കുമെന്ന് ഭഗവാൻ അരുളി ചെയ്തു. ആർജ്ജിതപുണ്യഫലങ്ങൾ ആസ്വദിച്ചും, പുണ്യകർമ്മങ്ങൾ നടത്തിയും പ്രഹ്ലാദൻ ഇഹലോകത്തിൽ ജീവിച്ച് മുക്തിപദം കൈവരുത്തുമെന്നും ഭഗവാൻ അനുഗ്രഹിച്ചു.

പ്രഹ്ലാദൻ പിന്നീട് ഭഗവാനോട് തൻെറ പിതാവിൻെറ ദുഷ്പ്രവർത്തികൾക്കു വേണ്ടി മാപ്പു ചോദിച്ചു. ഇതിനു മറുപടിയായി ഭഗവാൻ പറഞ്ഞു: "അദ്ദേഹം മാത്രമല്ല, ഇരുപത്തിയൊന്നു തലമുറകൾ മുഴുവൻ നിന്നേപ്പോലുള്ള ഒരുത്തമഭക്തൻെറ ജന്മത്തോടെ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. എവിടെയാണോ ഭക്തൻ വാഴുന്നത്, അവിടം പരിശിദ്ധമാവുന്നു." ഭഗവാൻ ബ്രഹ്മാവിനോട്, ദുഷ്ടബുദ്ധികൾക്ക് ഇനി വരം നൽകരുതെന്ന് മുന്നറിയിപ്പ് നൽകി. അല്ലയോ യുധിഷ്ഠിരാ, ഞാൻ ഹിരണ്യാക്ഷൻെറ സഹോദരനായ ഹിരണ്യകശിപുവിന് മോക്ഷം കിട്ടിയ കഥയും വിശദീകരിച്ചു കഴിഞ്ഞു. രണ്ടുപേരും ഭഗവൽപ്പാർഷദൻമാരായിരുന്നുവല്ലൊ. അവർ തങ്ങളുടെ രാക്ഷസരൂപം വിട്ടൊഴിഞ്ഞ് അവസാനം ഭഗവൽസദൃശരായിത്തീർന്നകാര്യവും ഞാൻ വിശദീകരിക്കുകയുണ്ടായി. നിങ്ങൾ പ്രഹ്ലാദനേക്കാളും ഭഗ്യശാലിയത്രെ. കാരണം, അതേ പരമപുരുഷനായ ശ്രീകൃഷ്ണൻ നിങ്ങളുടെ സ്വന്തം അമ്മാമൻെറ മകനും സുഹൃത്തുമായിരുന്നു. അതേ ഭഗവാനാണ് പരമശിവന് ത്രിപുരാന്തകൻ എന്ന പേരുണ്ടാക്കിക്കൊടുത്തത്. ആ പാവനമായ ചരിതം കൂടി ഞാൻ പറഞ്ഞുതരാം.

ദേവന്മാരാൽ തോൽപ്പിക്കപ്പെട്ട രാക്ഷസവൃന്ദം, ശിൽപ്പിയും മായാവിയുമായ മയനെ സമീപിച്ച് അവർക്കു മൂന്നു പേർക്കും പറക്കും നഗരങ്ങൾ (ഉപഗ്രഹങ്ങൾ) ഉണ്ടാക്കി കൊടുക്കാനപേക്ഷിച്ചു. ഒന്ന് സ്വർണ്ണം കൊണ്ടും, ഇനിയൊന്ന് വെള്ളി കൊണ്ടും മൂന്നാമത്തേത് ഇരുമ്പുകൊണ്ടും നിർമ്മിച്ചു. രാക്ഷസന്മാർ ഈ ഉപഗ്രഹങ്ങളിൽ കയറി അതിശീഘ്രം സഞ്ചരിക്കയാൽ അവർ അജയ്യരും, അദൃശരൂപികളും നശീകരണസ്വഭാവമുള്ളവരുമായിത്തീർന്നു. ദേവന്മാർ പരമശിവനെ ശരണം പ്രാപിച്ചു. ശിവൻ നഗരങ്ങളെ കീഴടക്കി ആളുകളെ മുഴുവൻ കൊന്നൊടുക്കി. പക്ഷെ രാക്ഷസർ അമൃതുനിറഞ്ഞ കുളത്തിൽ നിന്ന് വീണ്ടും ജീവനോടെ തിരിച്ചു വന്നു. ഭഗവാൻ വിഷ്ണു ദേവന്മാരുടെ രക്ഷയ്ക്കായി വന്നു. അദ്ദേഹം ഒരു പശുവായും സൃഷ്ടാവ് ഒരു പശുക്കിടാവായും അവതരിച്ച് അമൃതജലം മുഴുവനും കുടിച്ചു വറ്റിച്ചുകളഞ്ഞു. എന്നിട്ട് പരമശിവന് നഗരങ്ങളെ ആക്രമിച്ചു നശിപ്പിക്കുവാനുള്ള ആയുധങ്ങളും നൽകി. ഈ മൂന്നു നഗരങ്ങളും പരമശിവൻ നശിപ്പിച്ചു കളഞ്ഞു. ഇങ്ങിനെ, എണ്ണിയാലൊടുങ്ങാത്ത അനവധി ചരിതങ്ങൾ ഭഗവാൻെറ ലീലയായുണ്ട്.

"ഉപഗ്രഹനഗരങ്ങൾ ആധുനിക ശാസ്ത്രത്തിൻെറ കണ്ടുപിടുത്തമാണോ?"